# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3546      24/06/2013-ൽ മറുപടിക്ക്

## ആദിവാസി വിഭാഗങ്ങൾക്ക് ചികിത്സാ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് ചികിത്സാ സഹായമെത്തിക്കുന്ന പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷത്തിൽ എന്ത് തുക നീക്കി വെച്ചു; | (എ) | വ്യക്തികൾക്ക് നേരിട്ട് നല്കുന്ന ചികിത്സാ ധനസഹായ പദ്ധതിയ്ക്ക് 150 ലക്ഷം രൂപയും, വിവിധ ആശുപത്രികൾ മുഖേന നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 500 ലക്ഷം രൂപയും നീക്കിവച്ചിരുന്നു. |
| (ബി) | ഈ പദ്ധതിയിൽ നിന്നും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ എത്ര പേർക്ക് ചികിത്സാ സഹായം നൽകുകയുണ്ടായി; | (ബി) | 599 പേർക്ക് നേരിട്ട് ചികിത്സാ ധനസഹായം നൽകുകയുണ്ടായി. |
| (സി) | എന്ത് തുക അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ചികിത്സാ ചെലവിനത്തിൽ ഈ പദ്ധതി പ്രകാരം പ്രസ്തുത കാലയളവിൽ നൽകുകയുണ്ടായി; | (സി) | i) ഈ ഇനത്തിൽ 8,50,000/- രൂപ വ്യക്തികൾക്ക് വിതരണം ചെയ്തു.<br>ii) പുറമേ പാലക്കാട് ജില്ല ആശുപത്രി സൂപ്രണ്ടിന് വകയിരുത്തിയ 8 ലക്ഷം രൂപയുടെ പ്രയോജനവും അട്ടപ്പാടി അടക്കം പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഡി) | അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം ശിശുമരണങ്ങൾ നടന്ന ഊരുകളിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പു നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണവും ആയതിനായി ചിലവഴിച്ച തുക എത്ര എന്ന കണക്കും വ്യക്തമാക്കാമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ എസ്.ടി. പ്രൊമോട്ടർ മാരും ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/ആശാ വർക്കർ മാരും, സാമൂഹ്യ നീതിവകുപ്പിലെ അംഗൻവാടി വർക്കർമാരും ചേർന്നു എല്ലാ ഊരുകളും സന്ദർശിച്ച് അസുഖ ബാധിതരെ ആശുപത്രിയിലെത്തിച്ചു വിദഗ്ധ ചികിത്സ നൽകിയിരുന്നു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ എന്നിവ നൽകുകയുണ്ടായി. ഇതിനായി 49 ലക്ഷം രൂപ ചെലവഴിച്ചു. അടുത്ത 4 മാസത്തേയ്ക്ക് കൂടി പ്രതിമാസം 10 കിലോ റാഗി, 2 കിലോ ചെറുപയർ എന്നിവ 153 ലക്ഷം രൂപ ചെലവിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ